"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പാമ്പ് കടിയേറ്റ ചികിത്സയിൽ ആയിരുന്ന ശ്രീമതി.റീജക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.141/2026/DMD    തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 07/03/2024 ലെ സ.ഉ(കൈ)നം.4/2024/ഡിഎംഡി
2. CMDRF പോർട്ടലിൽ ശ്രീമതി.റീജ സമർപ്പിച്ച D251005957 ഡോക്കറ്റ് നമ്പർ അപേക്ഷ
3. 09/05/2025 ലെ സ.ഉ(സാധാ)നം.304/2025-ഡിഎംഡി

**ഉത്തരവ്**

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ ശ്രീമതി.റീജ പാമ്പ് കടിയേറ്റ ചികിത്സയിലാണെന്നും ആയതിനു ധനസഹായം അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) മനുഷ്യ വന്യജീവി ആക്രമണം പരാമർശം (1) സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചിരുന്നു. വന്യജീവി ആക്രമണത്തിൽ ഒരു ആഴ്ചയിൽ കുറഞ്ഞ ആശുപത്രിവാസം വേണ്ടി വരുന്ന ഗുരുതര പരിക്ക് ഉള്ളവർക്ക് 5400/- രൂപ SDRF നിന്നും, പരമാവധി 94,600/- രൂപ വനം വന്യജീവി വകുപ്പിൽ നിന്നും, ലാൻഡ് റവന്യൂ വകുപ്പ് മുഖേനെ അനുവദിക്കാവുന്നതാണെന്നു പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പരിക്കേറ്റയാളെ ചികിൽസിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ യഥാർത്ഥ ചിലവായ തുക അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാമ്പ് കടിയേറ്റ ചികിത്സയിൽ കഴിഞ്ഞിരുന്ന ശ്രീമതി.റീജക്ക് 20,000/- രൂപ ചികിത്സ ചിലവ് വന്നതായി ഡോക്ടർ സാക്ഷ്യപെടുത്തിയ സാഹചര്യത്തിൽ ശ്രീമതി.റീജക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി 20,000/- രൂപയിൽ 5400/- രൂപ SDRF 2245-02-800-96-Flood- exgratia to injured persons എന്ന ശീർഷകത്തിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
ദുരന്ത നിവാരണ (A3) സീറ്റ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 12-03-2026 16:35:42**
സെക്ഷൻ ഓഫീസർ